# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1958/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്

തീയതി : 16.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്- 2017-18സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1ാം ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 1ാം ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1958/2018 തിയ്യതി: 16.10.2018

# കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 19.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ റിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി. ഉണ്ണികൃഷ്ണൻ | |
| | | ജോയന്റ് ഡയറക്ടർ | |
| | | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.7.2018മുതൽ 28.7.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം. കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. കെ. വി. ശ്രീജിത്ത് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. കെ. സജിത്ത് | 1.4.2017മുതൽ 31.3.2018വരെ |
| സെക്രട്ടറി | : | ശ്രീ. കെ. കുഞ്ഞിരാമൻ, ജോയന്റ് ബി.ഡി.ഒ ഇൻ ചാർജ്ജ് | 1.4.2017മുതൽ 15.5.2017വരെ |
| | | ശ്രീമതി. കെ. ജാനു, ജോയന്റ് ബി.ഡി.ഒ ഇൻ ചാർജ്ജ് | 16.5.2017മുതൽ 6.10.2017വരെ |
| | | ശ്രീ. കെ. ടി. പ്രജുകുമാർ | 7.10.2017മുതൽ 11.1.2018വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി. കെ. ജാന, ജോയന്റ് ബി.ഡി.ഒ ഇൻ ചാർജ്ജ് | 12.1.2018മുതൽ 16.2.2018വരെ |
| | | ശ്രീ. കെ. ടി. പ്രജുകുമാർ | 17.2.2018മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീ. എം. അബ്ദുൽ സലീം | 1.4.2017മുതൽ 8.11.2017വരെ |
| | | ശ്രീമതി. ഗ്രേസി ജോസഫ് | 9.11.2017മുതൽ 31.3.2018വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. മുനീർ റഹ്മാൻ | 1.4.2017മുതൽ 14.7.2017വരെ |
| | | ശ്രീ. പി. അബ്ദുൽ അസീസ് | 15.7.2017മുതൽ 18.8.2017വരെ |
| | | ശ്രീ. അനീഷ് വി. നായർ | 19.8.2017മുതൽ 8.10.2017വരെ |
| | | ശ്രീ. പി. അബ്ദുൽ അസീസ് | 9.10.2017മുതൽ 31.3.2018വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീ. മുഹമ്മദ് നവാസ് | 1.4.2017മുതൽ 31.3.2018വരെ |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | | ശ്രീമതി. ടി. ഡി. മീന | 1.4.2017മുതൽ .28.10.2017വരെ |
| | | ശ്രീ. എസ്. പ്രമോദ് , കൃഷി ഓഫീസർ,കായക്കൊടി, | 29.10.2017 മുതൽ 5.11.2017 വരെ |
| | | കൃഷി അസിസ്റ്റന്റ് ഡയരക്ടർ ഇൻ ചാർജ്ജ് ശ്രീ. എം. വിനോദ്കുമാർ | 6.11.2017മുതൽ 31.3.2018വരെ |

| | | | |
|---|---|---|---|
| | | | |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി. കെ. പി. സിന്ധു | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്, താലൂക്ക് ആശുപത്രി ) | | ഡോ. ജമീല | 1.4.2017മുതൽ 31.3.2018വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. കെ. ഷിനോജ് | 1.4.2017മുതൽ .5.8.2017വരെ |
| | | ശ്രീ. കെ. കെ. ഫൈസൽ | 6.8.2017മുതൽ 10.11.2017വരെ |
| | | ശ്രീ. എൻ. പവിത്രൻ | 11.11.2017മുതൽ 31.3.2018വരെ |

ഉള്ളടക്കം

| ക്രമ നം | ഭാഗം-1 | ഖണ്ഡികനം |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6. | പദ്ധതി അവലോകനം. | 1-6 |
| 7. | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് പരിശോധന | 1-9 |
| 10. | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 1.2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13. | ബജറ്റ് രൂപീകരണ പ്രക്രിയയിലെ അപാകതകൾ. | 2-1 |
| 14. | തനത് ഫണ്ട് വിനിയോഗം – വിവിധ ചെലവിനങ്ങളിലെ അപാകതകൾ | 3-1 |
| 15. | പാട്ടകൃഷി,ഇടവിള കൃഷി,പച്ചക്കറി കൃഷി, നെൽകൃഷി – പ്രൊജക്ട് നടത്തിപ്പിൽ അപാകത | 3-2 |
| 16. | കാർഷിക മേഖലയിലുള്ള പ്രൊജക്ടുകൾ പൂർത്തീകരിക്കപ്പെടുന്നില്ല. | 3-3 |
| 17. | മൃഗ സംരക്ഷണവും ക്ഷീര വികസനവും-മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമല്ലാത്തതും നടപ്പിലാക്കിയ പ്രോജക്ടിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതും സംബന്ധിച്ച്. | 3-4 |
| 18. | പട്ടിക ജാതി വികസനം -മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഗണിക്കാതെ പ്രൊജക്ടുകൾ തയ്യാറാക്കുന്നു. | 3-5 |
| 19. | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉകരണങ്ങളും സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടറും വാങ്ങൽ- പ്രോജക്ട് രൂപീകരണത്തിലും നിർവഹണത്തിലും അപാകത. | 3-6 |
| 20. | ലൈഫ്- നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ 123 | 3-7 |
| 21. | വിനിയോഗ സാക്ഷ്യപത്രം /മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല. | 3-8 |

| | | |
|---|---|---|
| 22. | ബ്ലോക്ക് തല പ്ലാസ്റ്റിക് റിക്കവറി കേന്ദ്രം- ആസൂത്രണത്തിലെ പിഴവ്- പദ്ധതി പൂർത്തീകരിച്ചില്ല. | 3-9 |
| 23. | പദ്ധതി പുതുക്കാതെ പദ്ധതി പ്രവർത്തനങ്ങളിൽ വ്യതിയാനം | 3-10 |
| 24. | താലൂക്ക് ആശുപത്രിയിൽ ഇന്റർകോം സ്ഥാപിക്കൽ- പദ്ധതിയിലെ അപാകതകൾ | 3-11 |
| 25. | പെയിൻ & പാലിയേറ്റീവ് - അടങ്കൽ തുക ഭൂരിഭാഗവും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചു. | 3-12 |
| | ഭാഗം-4 | |
| 26. | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29. | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31. | ഓഡിറ്റ് റിക്കവറി | 4-6 |
| 32. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33. | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം- 1 | |

| | | |
|---|---|---|
| | അനുബന്ധം- 2 | |

`

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.2017 തീയതിയിലെ 3/4/1/161 തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 4.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.7.2018 മുതൽ 6.7.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/2018 (82) തീയതി 7.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,53,68,292 |
| വരവ് | 7,28,96,240 |
| ആകെ | 8,82,64,532 |
| ചെലവ് | 7,13,67,896 |
| നീക്കിയിരിപ്പ് | 1,68,96,636 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 34949252 | 34949252 | 32875281 | 2073971 |
| വികസനഫണ്ട് എസ്.സി.പി. | - | 3031000 | 3031000 | 3017780 | 13220 |
| വികസനഫണ്ട് ടി.എസ്.പി. | - | 196000 | 196000 | 196000 | - |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4450000 | 4450000 | 4352615 | 97385 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - |
| കെ.എൽ.ജി.എസി.ജി.ഡി.പി | - | - | - | - | - |
| -ട്രഷറി ഓൺ ഫണ്ട് VPFA I,II | - | - | - | - | - |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപസ് ) | 5280567 | 3582000 | 8862567 | 7881946 | 980621 |
| ലിറ്ററസി | - | 270360 | 270360 | 270360 | - |
| ശുചിത്വം | 949018 | 94280 | 1043298 | 136887 | 906411 |
| ഐ.എ.വൈ | 5067329 | 8453793 | 13521122 | 2497006 | 11024116 |
| മറ്റു വരവുകൾ | 1496016 | 1150844 | 2646860 | 1280376 | 1366484 |
| ടി.എസ്.ബി ജോയിന്റ് വെൻചർ | 300000 | 2700000 | 3000000 | 2730000 | 270000 |
| എസ്.ജി.എസ്.വൈ | 164586 | 4676 | 169262 | - | 169262 |
| സ്പെഷൽ എസ്.ജി.എസ്.വൈ | 2073844 | 83972 | 2157816 | - | 2157816 |
| മറ്റ് എസ്. ബി. അക്കൗണ്ട് | 36932 | - | 36932 | 15006 | 21926 |
| മറ്റിനം | - | 3217 | 3217 | 3217 | - |
| മറ്റ് സംയോജിത പ്രോജക്ടുകൾ | - | 18233225 | 18233225 | 7409814 | 10823411 |
| ആകെ | 15368292 | 77202619 | 92570911 | 62666288 | 19081212 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 66 | 60337517 | 65 | 40496276 | 13 | 1 | 78 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.7.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവ പരിപാലിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിയില്ല. ഉദാഹരണം,

1) വിവിധ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഉദാഹരണം - ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ.

2) തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത് 2011 ലെ അക്കൗണ്ട്സ് ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.5.2017 | 1.10.2016 മുതൽ 30.4.2017 വരെ | 17.7.2017 റിപ്പോർട്ട് റിപ്പോർട്ട് നം. 110/DPA.1./2017/KKD തീയതി 25.6.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.8.2016 | 1.8.2014 മുതൽ 31.7.2016 വരെ | 28.9.2016 റിപ്പോർട്ട് റിപ്പോർട്ട് നം.OA.HQ./111/111/12-257 /16-17/387 തീയതി 21.9.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

7.7.2018 ലെ കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(76) നമ്പർ ഓഡിറ്റ് സാക്ഷ്യ പത്രത്തിലെ അപാകതകൾ അതേ പടി നിലനിൽക്കുന്നു. കൂടാതെ താഴെപ്പറയുന്ന അപാകതകൾ കൂടി ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ടു.

കേരളാ ഗ്രാമീൺ ബാങ്കിന്റെ കക്കട്ടിൽ ശാഖയിലെ 40215100113302 നമ്പർ അക്കൗണ്ടിൽ( NADAM) 31.3.2018 ന് 21,57,816/- രൂപ നീക്കിയിരിപ്പുണ്ട്. 25.6.2013 ന് ശേഷം ഈ

അക്കൗണ്ടിൽ ഇടപാടുകളില്ല. ഈ അക്കൗണ്ട് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം തേടേണ്ടതും ആയതു പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണ പ്രക്രിയയിലെ അപാകതകൾ.

23.03.2017 തിയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ് 2017-18 വർഷത്തെ ബജറ്റ് രൂപീകരണം അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത യോഗത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ മുന്നിരിപ്പ്, ആകെവരവ്, ആകെ ചെലവ്, നീക്കിയിരിപ്പ് എന്നിവ മാത്രമെ പരിശോധിക്കപ്പെട്ടിട്ടുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് മാന്വൽ 02.12.2016 തിയ്യതിയിലെ G.O(Rt)3291/2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടിയിരുന്നത് 1994 ലെ കേരളപഞ്ചായത്ത് രാജ് വകുപ്പ് നിയമം-214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ എന്നിവക്കനുസരിച്ചായിരുന്നു. ആയത് പാലിക്കപ്പെട്ടില്ല.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ വാർഷിക റിപ്പോർട്ടിലെ ശീർഷകങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല.ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാനായിട്ടില്ല.

2.പദ്ധതി, പദ്ധതിയേതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.

3.വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയേതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല.സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമക്ഷം സമർപ്പിച്ചിട്ടില്ല.

4.സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

5. പ്രതീക്ഷിത വരുമാനം, ചെലവ് എന്നിവ യാഥാർത്ഥ്യ ബോധത്തോടെയല്ല വകയിരുത്തിയിട്ടുള്ളത്.(ഉദാ- മെമ്പർ മാരുടെ സിറ്റിംഗ് ഫീ ഇനത്തിൽ റിവൈസ് ചെയ്ത ബജറ്റിൽ 75000 രൂപ വകയിരുത്തിയിരുന്നു.എന്നാൽ ആയതിന്റെ 25 ശതമാനം പോലും ചെലവുണ്ടായിട്ടില്ല.)

6. 1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 എന്നിവ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല.

ബജറ്റ് രൂപീകരണ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായി തീർന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്.

3. സ്ഥാപനത്തിന്റെ മുഴുവൻ വരവ്/ചെലവ് ശീർഷകങ്ങളും ഉൾപ്പെടുത്തി ബജറ്റ് സമഗ്രമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് വിനിയോഗം- വിവിധ ചെലവിനങ്ങളിലെ അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനത്തിന്റെ രണ്ട് ടയറുകൾ മാറ്റുന്നതിന് (KL-18 J-8695,) കൊട്ടേഷൻ ക്ഷണിക്കുകയും കൊട്ടേഷൻ നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ കോട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് സിറ്റി മൊകേരി എന്ന സ്ഥാപനത്തിന്റെ കൊട്ടേഷൻ അംഗീകരിച്ച് 11800 രൂപ ചെലവഴിച്ച് 2 ടയറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.(വൗച്ചർ നം.21700300, തിയ്യതി. 04.10.2017, ചെക്ക് നം-4935415 തിയ്യതി- 04.10.2017 ) എന്നാൽ കൊട്ടേഷൻ നോട്ടീസ് പ്രകാരമുള്ള നിബന്ധനകളും സ്പെസിഫിക്കേഷനും പാലിച്ച് 9800 രൂപക്ക് കൊട്ടേഷൻ സമർപ്പിച്ച ശിവശക്തി ടയർ കെയർ, 10500 രൂപക്ക് കൊട്ടേഷൻ സമർപ്പിച്ച ടയർ ലാന്റ്, കുറ്റ്യാടി എന്നീ സ്ഥാപനങ്ങളുടെ കൊട്ടേഷൻ നിരസിച്ചാണ് 11800 രൂപ ചെലവഴിച്ച് ടയർ വാങ്ങിയിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തിയില്ല. ഈ ഇനത്തിൽ അധികം ചെലവഴിച്ച 2000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

30.06.2007 ലെ സ.ഉ(എം.എസ്) 170/2007 നമ്പർ ഉത്തരവ് പ്രകാരം ഔദ്യോഗിക വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറി പരിപാലിക്കേണ്ട രജിസ്റ്ററുകളായ ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ ഇടവേളകളിൽ ഇന്ധന ക്ഷമതാ പരിശോധന നടത്തുന്നതായും കാണുന്നില്ല.

2. താലൂക്ക് ആശുപത്രി കുറ്റ്യാടിയുടെ 2015 ജനവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ വൈദ്യുതി ചാർജ്ജിനത്തിൽ 290633 രൂപ താലൂക്ക് ആശുപത്രി സൂപ്രണ്ടിന് അനുവദിച്ചതായി കാണുന്നു.(വൗച്ചർ നം.21700511, തിയ്യതി. 23.02.2018, ചെക്ക് നം-5549035 തിയ്യതി- 21.02.2018 ) എന്നാൽ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ്.ബില്ലുകൾ മുൻകാല പ്രാബല്യത്തിൽ റദ്ദ് ചെയ്ത നിലയിലാണുള്ളത്. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ 83/2018 നമ്പർ പ്രൊജക്ടിലൂടെ 259942 രൂപ വൈദ്യുത ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 290633 രൂപയുടെ ചെലവ് നിർവ്വഹിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സ്ഥാപനത്തിൽ ബിൽ രജിസ്റ്ററുകളോ വൗച്ചർ ലിസ്റ്റുകളോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത ബില്ലുകളിന്മേൽ മുൻപ് ചെലവുകളൊന്നും നടത്തിയിട്ടില്ലെന്നത് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കിയതെങ്ങനെയെന്നത് വ്യക്തമാക്കേണ്ടതുണ്ട്. ഒറിജിനൽ ബില്ലുകൾ ലഭ്യമാക്കാതെയും ചെലവ് തുക കുടിശ്ശികയായി 3 വർഷത്തിന് ശേഷം അനുവദിച്ചതും വിശദീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബി യിൽ തുക അടച്ചത് സംബന്ധിച്ച രശീതിയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിശോധിച്ചതിൽ നിന്നും മതിയായ പരിശോധനകൾ നടത്താതെയാണ്

ചെലവുകൾ അംഗീകരിച്ച് നൽകുന്നതെന്നത് വ്യക്തമാകുന്നു.

ചെലവുകൾ നടക്കുന്ന സമയത്ത് തന്നെ അവ ബുക്ക് ചെയ്യുന്നതിൽ അക്കൗണ്ടന്റും ആയത് ഉറപ്പാക്കുന്നതിൽ സെക്രട്ടറിയും വീഴ്ച വരുത്തി. ഉദാ- മെഡിക്കൽ ഓഫീസർക്ക് വൈദ്യുതചാർജ്ജ് കുടിശ്ശിക അനുവദിച്ചിരിക്കുന്നത് 21.02.2018 ലെ ചെക്ക് മുഖേനയാണ്. എന്നാൽ ആയത് സാംഖ്യയിൽ പേമെന്റ് രേഖപ്പെടുത്തിയിട്ടുള്ളത് 23.02.2018 തിയ്യതിയിലാണ്. മേൽ സാഹചര്യത്തിൽ 290633 രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ചെലവ് സംബന്ധിച്ച സാക്ഷ്യപത്രം ആശുപത്രി സൂപ്രണ്ട്, സെക്രട്ടറി എന്നിവർ നൽകേണ്ടതാണ്.

## 3-2 പാട്ടകൃഷി,ഇടവിള കൃഷി,പച്ചക്കറി കൃഷി ,നെൽകൃഷി -പ്രൊജക്ട് നടത്തിപ്പിൽ അപാകത

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 80 പാട്ടകൃഷി ഗ്രൂപ്പുകൾക്ക് ഇടവിള കൃഷി , പച്ചക്കറി കൃഷി, നെൽ കൃഷി എന്നിവക്ക് വിത്ത്, വളം എന്നിവ നൽകി M.N.R.E.G.S. പദ്ധതിയുമായി ബന്ധപ്പെടുത്തി അസിസ്റ്റന്റ് കൃഷി ഡയറക്ടർ നിർവ്വഹണോദ്യഗസ്ഥയായി നടപ്പിലാക്കുന്ന പ്രൊജക്ടാണ് ഇത്.(പ്രോജക്ട് നമ്പർ 41/18). 8039838 രൂപ (വികസന ഫണ്ട് 4539838, കേന്ദ്രാവിഷ്കൃതം 2000000, മറ്റുള്ളവ1500000) വകയിരുത്തിയ പ്രോജക്ടിൽ നിന്നും സാമ്പത്തിക വർഷം വികസന ഫണ്ടിൽ വകയിരുത്തിയ 4536200 രൂപ ചെലവഴിച്ച് ഇടവിള കൃഷി വിത്തുകൾ, കുമ്മായം, ജൈവവളം എന്നിവ വാങ്ങി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ3/17-18തി. 26.2.18 2255000, ബിൽ നമ്പർ 4/17-18 തി. 26.2.18 1539045, ബിൽ നമ്പർ5/17-18 തി. 26.3.18 742155). ബന്ധപ്പെട്ട പ്രൊജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1 സ.ഉ.(എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ3.4.17 ഖ.8(1) പ്രകാരം കാർഷിക മേഖലയിൽ വളം, വിത്ത് എന്നിവ വിതരണംചെയ്യുന്ന പ്രൊജക്ടുകൾ (കാർഷിക ഗ്രൂപ്പുകൾ ഉൾപ്പെടെ) നഗരസഭകളും ഗ്രാമപഞ്ചായത്തുകളും മാത്രമെ ഏറ്റെടുത്ത് നടത്താൻ പാടുള്ളു എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക നം. 2(2) നിർദ്ദേശിക്കും വിധം ബ്ലോക്ക് പഞ്ചായത്തിന് ആയത് നടപ്പിലാക്കുന്നതിന് പ്രത്യേകഅനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2 പ്രൊജക്ട്പ്രകാരം തെരഞ്ഞെടുക്കപെട്ട 80 ഗ്രൂപ്പുകളിൽ 5ഗ്രൂപ്പുകൾക്ക് 1ഏക്കർ വീതം നെൽകൃഷിയും,5 ഗ്രൂപ്പുകൾക്ക് 1 ഏക്കർ വീതം പച്ചക്കറി കൃഷിയുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.എന്നാൽ മുഴുവൻ ഗ്രൂപ്പുകൾക്കും ഇടവിള കൃഷിക്കുള്ള വിത്തുകളാണ് വിതരണംചെയ്തിരിക്കുന്നത്.

3 പ്രൊജക്ട് നടത്തിപ്പിനായി 304000 കിലോ ഉണക്കിപൊടിച്ച ചാണകം ആഗ്രോസർവീസ് സെന്റർ ചാത്തങ്കോട്ട്നട എന്ന സ്ഥാപനത്തിൽ നിന്നും കിലോക്ക് ഏഴ് രൂപ പ്രകാരം നേരിട്ട് വാങ്ങി ഗ്രൂപ്പുകൾക്ക് വിതരണംചെയ്തിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3.3 പ്രകാരം പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷിവകുപ്പ് നിശ്ചയിക്കേണ്ടതാണെങ്കിലും നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനത്തിൽ നിന്നും ചാണകപൊടി നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തിരിക്കുന്നത്.

4 M.N.R.E.G.S.പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയ പ്രൊജക്ടാണെങ്കിലും ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

5 പ്രൊജക്റ്റ് പ്രവർത്തന കലണ്ടർ പ്രകാരം വിത്തുകളും വളങ്ങളും ഡിസംബർ മാസം വിതരണംചെയ്യാനാണ് നിഷ്കർഷിക്കുന്നത്. വിത്തുകളും വളങ്ങളും യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടുള്ളത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലായിട്ടാണ്. നല്ല വേനൽകാലം ഇത്തരം വിളകൾ കൃഷിചെയ്യാൻ അനുയോജ്യമല്ല എന്ന കാര്യം പരിഗണിച്ചില്ല.

6 ജൈവവളം, കുമ്മായംഎന്നിവയുടെ ഗുണഭോക്തൃ വിഹിതമിനത്തിൽ676800 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയോ ചെലവഴിച്ചതിന്റെയോ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. കാർഷിക മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 172(1) ലെ നാലാം പട്ടികപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റാൻ പര്യാപ്തമായ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, കൃഷി,മണ്ണ് സംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ ഓരോഘട്ടങ്ങളിലും മോണിറ്റർ ചെയ്ത് ഓരോവിളകൾക്കും അനിയോജ്യമായസമയത്ത് പ്രോജക്റ്റ് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടിയിരുന്നെങ്കിലും ആയതിൽ വീഴ്ച വരുത്തി. സർക്കാർ മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 4536200തടസ്സത്തിൽ വെക്കുന്നു.
8. വിവിധ ഫണ്ടിനങ്ങൾ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും വികസനഫണ്ട് മാത്രം ചെലവഴിക്കുകയും ചെയ്ത നടപടി ക്രമത്തിലല്ല.

## 3-3 കാർഷിക മേഖലയിലുള്ള പ്രൊജക്ടുകൾ പൂർത്തീകരിക്കപെടുന്നില്ല.

കൃഷി. അസി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥയായി കാർഷിക മേഖലയിൽ രണ്ട് സ്പിൽ ഓവർ പ്രൊജക്ടുൾ ഉൾപ്പെടെ 5 പ്രൊജക്ടുളാണ് സാമ്പത്തിക വർഷം നടപ്പിലാക്കിയിരിക്കുന്നത്. I.K.M. ചെലവു പത്രിക പ്രകാരം പ്രൊജക്ടുൾക്ക് തുക വകയിരുത്തിയതിന്റയും ചെലവഴിച്ചതിന്റയും വിശദ വിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്ടുനമ്പർ | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയതുക | ചെലവഴിച്ചതുക |
|---|---|---|---|
| 36/18 | കാർഷിക വിപണന മേള | 100000 | 39000 |
| 38/18 | കാർഷിക നേഴ്സറി ഗ്രൂപ്പ് | 675000 | ----- |
| 41/18 | പാട്ടകൃഷി,ഇടവിള കൃഷി പച്ചക്കറി കൃഷി , നെല്ല് | 8039838 | 4536200 |
| 56/18 | തരിശുഭൂമിയിൽ പാട്ടകൃഷി(സ്പിൽ ഓവർ) | 5102388 | ------ |

| | | | |
|---|---|---|---|
| 57/18 | പാട്ടകൃഷി വനിതാ ഗ്രൂപ്പ് കൾക്ക്(സ്പിൽ ഓവർ) | 1358012 | 358012 |
| ആകെ | | 15275238 | 4933212 |

സാമ്പത്തിക വർഷം രണ്ട് പ്രൊജക്ടുകൾക്ക് തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല.വിവിധ പ്രൊജക്ടുകൾക്ക് ആകെ15275238 രൂപ വകയിരുത്തിയതിൽ 4933212 രൂപ മാത്രമെ വിനിയോഗിച്ചിട്ടുള്ളൂ. വിനിയോഗിക്കപ്പെട്ട തുക മുഴുവൻ വികസന ഫണ്ട് സാധാരണ വിഹിതത്തിൽ പെട്ടതാണ്. ഈ ഇനത്തിൽ 4 പ്രൊജക്ടുകൾക്കായി 5447850രൂപ വികസന ഫണ്ട് വകയിരിരുത്തിയതിൽ 4933212 രൂപയും ചെലവഴിക്കപ്പെട്ടു. കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ രണ്ട് പ്രൊജക്ടുകൾക്കായി 4500000 രൂപ വകയിരുത്തിയതിൽ ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല. (പ്രൊജക്ട് നമ്പർ41/18 – 2000000, പ്രൊജക്ട് നമ്പർ56/18-2500000). അതെപോലെ ജില്ലാപഞ്ചായത്ത്, മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ തുകയും വിനിയോഗിക്കപ്പെട്ടതായി കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ91 ഹെക്ടർ കൃഷിഭൂമി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ തരിശായി കിടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന്റ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച നടപ്പിലാക്കിയ പ്രൊജക്ടാണ് "തരിശുഭൂമിയിൽ പാട്ടകൃഷി". 8132320 രൂപ വകയിരുത്തി (പ്രൊജക്ട് നമ്പർ66/16-17) ആരംഭിച്ച പ്രൊജക്ടിൽ വികസന ഫണ്ടിനത്തിൽ വകയിരുത്തിയ 3029932 രൂപ തൻവർഷം തന്നെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 51,02,388 രൂപ ഉൾപ്പെടുത്തി 2017-18ൽ സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കിയെങ്കിലും ഓഡിറ്റ് വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട്തന്നെ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 5 ലക്ഷം രൂപയും മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച നല് ലക്ഷം രൂപയുംവിനിയോഗിക്കാതെ അവശേഷിക്കുകയാണ്. പരമാവധി ഒരുവർഷംകൊണ്ട് ഉത്പാദന ലക്ഷ്യം കൈവരിക്കുന്ന പ്രൊജക്ട് തയ്യാറാക്കി 2വർഷം കഴിഞ്ഞിട്ടും വകയിരുത്തിയ തുക ചെലവഴിച്ച് പ്രൊജക്ട് പൂർത്തീകരിക്കപ്പെടാതെ പോകുന്നത് പ്രൊജക്ട് ആസൂത്രണത്തിലും നിർവഹണത്തിലുംഉണ്ടായ വീഴ്ചയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പല ഘട്ടങ്ങളിലായി പ്രൊജക്ടിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിലും പ്രൊജക്ട് ഉത്പാദനലക്ഷ്യംകൈവരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഗ്രൂപ്പുകൾക്ക് അർഹതപ്പെട്ട ധനസഹായം ലഭ്യമായില്ലെന്ന് കാണുന്നു.കൂടാതെM.N.R.E.G.S. പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ഈ ഇനത്തിൽ എത്രരൂപ ചെലവഴിക്കപ്പെട്ടു എന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ രേഖയില്ല.

സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടും നടപ്പിലാക്കാത്ത മറ്റൊരു പ്രൊജക്ടാണ്കാർഷിക നേഴ്സറി ഗ്രൂപ്പ്. 15കാർഷിക ഗ്രൂപ്പ്കൾക്ക് കാർഷിക നേഴ്സറി സ്ഥാപിക്കുന്നതിനായി 450000 രൂപ വികസന ഫണ്ടും 225000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിതയ്യാറാക്കിയ പ്രൊജക്ടിൽ സാമ്പത്തിക വർഷം കാർഷിക നേഴ്സറികളൊന്നും രൂപീകരിക്കപ്പെട്ടിട്ടില്ല.

പ്രോജക്ട് ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട നിർവഹണ

ഉദ്യോഗസ്ഥൻ, വികസനകാര്യ സ്റ്റന്റിംഗ് കമ്മറ്റി, കാർഷിക പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്ത്ക്കേണ്ട കൃഷി മണ്ണ് ജല സംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് എന്നിവ തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടിനായി വകയിരുത്തുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്ന എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-4 മൃഗ സംരക്ഷണവും ക്ഷീര വികസനവും-മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ലാത്തതും നടപ്പിലാക്കിയ പ്രോജക്ടിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതും സംബന്ധിച്ച്.

മൃഗ സംരക്ഷണവും ക്ഷീര വികസനവും മേഖലയിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ കൺവീനറും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി. ബീന ചെയർമാനുമായി 12പേരടങ്ങിയ വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട് . 2017-18 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ചചെയ്ത് അന്തിമാക്കുന്നതിനും, വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭാ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 7.3.17, 14.317, 18.4.17 തിയ്യതികളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. 7.3.17 ലെ യോഗത്തിൽ 5 പേരും 14.3.17ലെയും 18.4.17 ലെയും യോഗത്തിൽ കേവലം 2 പേർ വീതവുമാണ് പങ്കെടുത്തിരിക്കുന്നത്. മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രൊജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗിത, വിജയസാധ്യത എന്നിവ ചർച്ചചെയ്ത് ഉറപ്പുവരുത്താൻ നിയോഗിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ മേഖലയിലെ തങ്ങളുടെ ഉത്തര വാദിത്വം ശരിയായ രീതിയിൽ നിർവഹിച്ചിട്ടില്ല എന്ന് യോഗങ്ങളിലെ അംഗങ്ങളുടെ അഭാവം വ്യക്തമാക്കുന്നു. 7.3.17 ന് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2017-18 കാലയളവിൽ നടപ്പിക്കേണ്ട 5ഓളം പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഒന്നുപോലും സാമ്പത്തിക വർഷം അംഗീകരിക്കപെട്ടിട്ടില്ല.

2017-18 സാമ്പത്തികവർഷം നടപ്പാക്കിയപ്രൊജക്ട് നമ്പർ 35/18 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് എന്ന പ്രൊജക്ട് പ്രകാരം 800000 രൂപ വികസന ഫണ്ടിൽ വകയിരുത്തുകയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തുകൾക്ക് 100000 രൂപ വീതവും കാവിലുംപാറ ഗ്രാമപഞ്ചായത്തിന് 200000 രൂപയുംകൈമാറിയിട്ടുണ്ട്. (ബിൽ 1/17-18 തി28..18 7000000, ബിൽനമ്പർ2/17-18 തി18.1.18 100000)മേൽ തുകകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയതല്ലാതെ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കായക്കൊടി, കുന്നമ്മൽ പഞ്ചായത്തുകൾ ഒഴികെയുള്ള പഞ്ചയത്തുകൾ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ചു. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ കായക്കൊടി, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകൾക്കു നൽകിയ 200000രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 പട്ടിക ജാതി വികസനം -മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഗണിക്കാതെ പ്രൊജക്ടുകൾ തയ്യാറാക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്തിൽ 309 കുടുംബങ്ങളിലായി 4492 പട്ടികജാതിക്കാരുണ്ട്. ആയതിൽ ഭവന രഹിതരായ 85 കുടുംബങ്ങളും, ഭൂരഹിതരായ 30 കുടുംബങ്ങളും ഉൾപ്പെടുന്നു. കൂടാതെ വീട്ടുകളിൽ പഠന സൗകര്യമില്ലാത്തതും കുടുംബങ്ങളുമുണ്ട്. റോഡ്, കുടിവെള്ളം എന്നിവയുടെ സൗകര്യമില്ലാത്തതും

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം S.C.D.O മുഖേന നടപ്പിലാക്കിയ പ്രൊജക്കുകൾ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിലുള്ളതല്ല. പട്ടികജാതി വിഭാഗം കുട്ടികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ്, S.C.D.O ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നീ പ്രൊജക്കുകളാണ് നടപ്പിലാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ലൈഫ് വീടുകളുടെ പൂർത്തീകരണം എന്ന പ്രൊജക്കും നടപ്പിലാക്കിയിട്ടുണ്ട്. മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളായ ഭൂരഹിതർക്ക് ഭൂമി , വിദ്യാർത്ഥികൾക്ക് പഠന സൗകര്യം മെച്ചപ്പെടുത്തുക എന്നീ മേഖലകളിലും കുടിവെള്ള മേഖലയിലും വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് നിർദ്ദേശങ്ങൾ ഉയർന്നുവന്നതായി കാണുന്നില്ല.

S.C.D.O നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം നടപ്പിലാക്കിയ പട്ടികജാതി വിഭാഗം കുട്ടികൾക്ക് മെരിറ്റോറിയൽ സ്കോളർഷിപ്പ് എന്ന പ്രൊജക്ട പ്രകാരം 1195000 രൂപ എസ് .സി ഫണ്ട് വകയിരുത്തി 760000 രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ1/17-18 തി 14-12-2017 235000, ബിൽ നമ്പർ3/17-18 തി 17-1-2018 375000 ,ബിൽ നമ്പർ 4/17-18 തി 24-3-2018 1500000) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏഴ് പഞ്ചായത്തുകളിലെ 42 ഗുണഭോക്താക്കൾക്കാണ് മേൽതുക വിനിയോഗിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ആരും തന്നെ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ഈ ആനുകൂല്യം കൈപറ്റിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. (ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ പ്രൊജക്ട്). അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവുതുക 760000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 ഭിന്നശേഷിയുള്ളവർക്ക് സഹായ ഉകരണങ്ങളും സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടറും വാങ്ങൽ- പ്രോജക്ട് രൂപീകരണത്തിലും നിർവഹണത്തിലും അപാകത.

പ്രോജക്ട് നമ്പർ- 45/18.

വകയിരുത്തിയതുക- 1868143.

ചെലവുതുക- 1868143.(ബിൽ നമ്പർ 2/17-18 തി 27-1-2018- 1125000

4/17-18 തി 20-2-2018- 300000

5/17-18 തി 22-2-2018-75000

6/17-18 തി 16-3-2018 368143)

സാമ്പത്തിക വർഷം C.D.P.Oമുഖേന നടപ്പിലാക്കിയ പ്രോജക്ടാണ് ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങളും സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടറും വാങ്ങൽ. മേൽപ്രോജക്ട് പ്രകാരം 27 പേർക്ക് 368143രൂപചെലവഴിച്ച് സഹായ ഉപകരണങ്ങളും 20 പേർക്ക് 15,00,000/- രൂപ ചെലവഴിച്ച് കെൽട്രോൺ മുഖേന സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടറും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1 ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ(സാമൂഹിക നീതി, ഭിന്നശേഷിയുള്ളവർ, കുട്ടികൾ മുതലായവ) ഭിന്ന ശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നത് മാത്രമേ

വർക്കിംഗ് ഗ്രൂപ്പ് നിർദേശമായി ഉയർന്നുവന്നിട്ടുള്ളൂ. സൈഡ് വീൽഘടിപ്പിച്ച സ്കൂട്ടർ വാങ്ങിക്കുന്നത് വർക്കിംഗ് ഗ്രൂപ്പ് നിർദേശമായി ഉയർന്ന് വന്നതായി കാണുന്നില്ല. 22-4-2017ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.

2. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെപ്പറ്റിയ കായക്കൊടി ഗ്രാമപഞ്ചായത്തിലെ രാജേഷ് ടി .കെ പരപ്പുമ്മൽ എന്നഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താവ് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3 20-12-2017 ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഭിന്നശേഷിയുള്ള വർക്ക് മുച്ചക്ര വാഹനം നൽകൽ പ്രോജക്ടിന്റെ ഭാഗമായി 19 സ്കൂട്ടർ വാങ്ങിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ നിർവഹണ ഉദ്യോഗസ്ഥ മൂന്ന് ഘട്ടങ്ങളിലായി 20 സ്കൂട്ടർ വാങ്ങിയിട്ടുണ്ട് .വാങ്ങിയ വാഹനങ്ങളിൽ ഒന്ന് ഓഡിറ്റ് തീയതിയിലും വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. വാഹനം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനോ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, മോണിട്ടറിംഗ് കമ്മറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പോ കൈക്കൊണ്ടതായി കാണുന്നില്ല. ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതാണ്.

4.സ.ഉ.എം.എസ് 80/17 ത.സ്വ.ഭ.വ തി 3-4-17 ഖണ്ഡിക 10.1 (6) നഷ്കർഷിക്കുന്ന പ്രകാരം ഗുണഭോക്താക്കളുടെ കുടുംബത്തിന്റെ വാർഷിക വരുമാനം തെളിയിക്കുന്നരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5 സ്കൂട്ടർ വിതരണം ചെയ്ത 19 ഗുണഭോക്താക്കളിൽ 2 പേരൊഴികെ മറ്റുള്ളവരാരും വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഹാജരാക്കിയതായി കാണുന്നില്ല.

സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായാണ് പ്രൊജക്ട് തയായാറാക്കിയതെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമസഭ അംഗീകരിച്ച അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം വിതരണം ചെയ്തത് എന്നും ഉറപ്പു വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ടിന്റെ ഓരോഘട്ടത്തിലും മോണിറ്ററിംഗ് നടത്തി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ വിതരണംചെയ്ത സ്കൂട്ടർ വില 75000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-7 ലൈഫ്- നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ 123

11.10.2017 തിയ്യതിയിലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(എം.എസ്) നം.196/ 2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണത്താൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർത്ഥ്യമാക്കുക എന്നുള്ളതാണ് ലൈഫ് മിഷന്റെ 2017-18 വർഷത്തെ ലക്ഷ്യമെന്നത് വ്യക്തമാക്കുന്നുണ്ട് .ഇത്തരം വീടുകളുടെ നിർമ്മാണം 2018 മാർച്ച് 31 ന് മുമ്പായി പൂർത്തീകരിക്കുന്നതിനാണ് ലൈഫ് മിഷൻ പ്രധാനമായും ലക്ഷ്യമിട്ടത്.

കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിലുള്ള 272 ഗുണഭോക്താക്കളെ 2017-18 വർഷത്തെ പ്രൊജക്ട് നം-72/17-18,75/17-18, 76/17-18 എന്നിവയിലുൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ 2017-18 വർഷത്തിൽ 149 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മാത്രമെ കഴിഞ്ഞിട്ടുള്ളൂ. 31.03.2018 ലെ സ്ഥിതിവിവരമനുസരിച്ച് 123 വീടുകൾ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ആയതിൽ 11 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമെ അടങ്കൽ ചെയ്ത് ചെലവഴിച്ചതായി കാണുന്നുള്ളൂ. ജില്ലാ, ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തി ലക്ഷ്യം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല.,

2011-12 വർഷം മുതൽ അനുവദിക്കപ്പെട്ട വീടുകളാണ് നിർമ്മാണം പൂർത്തിയാക്കാനുള്ളത്. ഇത്തരം വീടുകളുടെ പൂർത്തീകരണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടില്ലെങ്കിൽ പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണത്തിന് വേണ്ടി വകയിരുത്തി ചെലവഴിച്ച തുക ലക്ഷ്യം കൈവരിക്കാതെ പാഴാകാനിടയുണ്ട്. വിവിധ നിർമ്മാണ ഘട്ടത്തിലിരിക്കുന്ന വീടുകൾ കാലപഴക്കം മൂലം തുടർ നിർമ്മാണം സാധിക്കാതെ ഉപേക്ഷിക്കേണ്ടി വരും. .

അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

## **3-8** വിനിയോഗ സാക്ഷ്യപത്രം /മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറി ചെലവഴിച്ചിട്ടുള്ള 500000 രൂപയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പരും പേരും | തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ | തുക |
|---|---|---|---|
| 1 | 11/2018- പെയിൻ & പാലിയേറ്റീവ് (ബ്ലോക്ക് വിഹിതം) | കുന്നുമ്മൽ ഗ്രാ.പ.-100000<br>കുറ്റ്യാടി ഗ്രാ.പ -100000<br>നരിപ്പറ്റ ഗ്രാ.പ. - 100000<br>വേളം ഗ്രാ.പ. - 100000 | 400000 |
| 2 | 74/2018- ഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള പാർക്ക് (മരുതോങ്കര ഗ്രാ.പ) | മരുതോങ്കര ഗ്രാമപഞ്ചായത്ത് | 100000 |

| ക്രമ നം | പ്രൊജക്ട് നമ്പരും പേരും | തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ | തുക |
|---|---|---|---|
| ആകെ | | | 500000 |

മേൽ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തുകകളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രങ്ങളും മോണ്റ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 ബ്ലോക്ക് തല പ്ലാസ്റ്റിക് റിക്കവറി കേന്ദ്രം- ആസൂത്രണത്തിലെ പിഴവ്- പദ്ധതി പൂർത്തീകരിച്ചില്ല.

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 77/2018 |
| പ്രൊജക്ടിന്റെ പേര് | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രത്തിൽ മെഷീൻ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് |
| അടങ്കൽ | 10000(തനത് ഫണ്ട്)<br>1000000 ( ഗ്രാ.പ. വിഹിതം) |
| ചെലവ് | 0 |

മേൽ പ്രൊജക്ടിനായി 1010000 രൂപ വകയിരുത്തിയെങ്കിലും നടപ്പ് വർഷത്തിൽ തുക ചെലവഴിക്കപ്പെട്ടിട്ടില്ല. പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. പദ്ധതിയുടെ അടങ്കൽ തുകയിൽ 1000000 രൂപയും മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതമായി മരുതോങ്കര ഗ്രാമപഞ്ചായത്തിൽ നിന്നാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക സംയുക്ത പ്രൊജക്ടുകൾക്കുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ 16.05.2018 തിയ്യതിയിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

പദ്ധതിയുടെ അനുബന്ധ പദ്ധതിയായ എം.ആർ.എഫ് കേന്ദ്രത്തിന് കെട്ടിട നിർമ്മാണം(പ്രൊ.നം-40/2018, നി.ഉ- അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ- അടങ്കൽ -2700000, ചെലവ്-500000) പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 2000000 രൂപയും മരുതോങ്കര ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ച 200000 രൂപയും ചെലവഴിക്കപ്പെട്ടിട്ടില്ല.

കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാതെയാണ് മെഷീനറികൾ വാങ്ങിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല.

കെട്ടിടനിർമ്മാണം, ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പദ്ധതി പുതുക്കാതെ പദ്ധതി പ്രവർത്തനങ്ങളിൽ വ്യതിയാനം

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 1/2018 |
| പ്രൊജക്ടിന്റെ പേര് | കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ആശുപത്രി ഉപകരണങ്ങൾ , കോൺഫറൻസ് ഹാൾ ഫർണ്ണിച്ചർ, ഇമ്മ്യൂണൈസേഷൻ ഹാൾ എ.സി വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 1748859(സംരക്ഷണ ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 1748859 (സംരക്ഷണ ഗ്രാന്റ്, റോഡിതരം) |

പദ്ധതി പ്രകാരം 1248859 രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഭരണാനുമതിയുണ്ടായിരുന്നത്.എന്നാൽ 1715859 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത കോൺഫറൻസ് ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ, സോളാർ വാട്ടർ ഹീറ്റർ വാങ്ങി സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്താതെ പ്രസ്തുത പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ 400000 രൂപ കൂടി ആശുപത്രി ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി ചെലവഴിച്ചു. വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ, മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. ആശുപത്രി ഉപകരണങ്ങൾ എന്ന ഇനത്തിൽ വാങ്ങിക്കാനുദ്ദേശിക്കുന്ന ഉപകരണങ്ങളുടെ വിശദാംശം, പദ്ധതി ആസൂത്രണ ഘട്ടത്തിൽ തീരുമാനിച്ചതായി കാണുന്നില്ല. സ.ഉ.(എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധം ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷത്തേക്ക് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതായും കാണുന്നില്ല.

പദ്ധതി പ്രകാരം കെ.എം.എസ്.സി.എൽ- മായി റേറ്റ് കോൺട്രാക്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ തദ്ദേശ സ്ഥാപനം നേരിട്ട് വാങ്ങുകയാണുണ്ടായത്.എന്നാൽ വിതരണക്കാരുമായി കരാർ ചമക്കുകയോ പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണം ചെയ്ത പ്രകാരമല്ല നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ചെലവ് തുക അനുവദിക്കും മുൻപ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, സെക്രട്ടറിയോ ചെലവിന് ഭരാണാനുമതിയുണ്ടോ എന്നത് പരിശോധിക്കുന്നതിലും വീഴ്ച വരുത്തി.

അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പദ്ധതി ഫോറത്തിൽ പദ്ധതി പ്രകാരം വാങ്ങിക്കാനുദ്ദേശിക്കുന്ന ഉപകരണങ്ങളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്.

2.ഉപകരണങ്ങൾ വാങ്ങുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് കരാർ ചമക്കേണ്ടതും കരാർ തുകയുടെ 5

ശതമാനം പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുമാണ്.
3. പദ്ധതിയിലധികരിച്ച ചെലവിനാധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 താലൂക്ക് ആശുപത്രിയിൽ ഇന്റർകോം സ്ഥാപിക്കൽ- പദ്ധതിയിലെ അപാകതകൾ

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്റ്റ് നം | 3/2018 |
| പ്രൊജക്ടിന്റെ പേര് | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഇന്റർകോമും പബ്ലിക്ക് അഡ്രസ്സ് സിസ്റ്റവും സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 387000(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 300000 (വികസന ഫണ്ട് ജനറൽ) |

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് സബ്ഡിവിഷൻ (കോഴിക്കോട് ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 386010 രൂപ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തി 300000 രൂപ ക്വോട്ട് ചെയ്ത ശോഭന ടെലികോം കോഴിക്കോട് എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയാണുണ്ടായത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1. ടെണ്ടർ പരസ്യത്തിന്റെയൊ റീടെണ്ടറിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. 23.01.2018 തിയ്യതിയിലാണ് റീ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടർ അംഗീകരിച്ച നൽകിയിട്ടുള്ള ശ്രീ.കെ.പ്രഭാകരൻ, (പ്രൊപ്രൈറ്റർ ശോഭന ടെലികോം, കോഴിക്കോട്) എന്നവരുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള " സി ക്ലാസ്സ് " രജിസ്ട്രേഷൻ 07.01.2018 തിയ്യതിയിൽ അവസാനിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിന് അംഗീകൃത ലൈസൻസില്ലാത്ത വ്യക്തിക്ക് കരാർ അനുവദിച്ച് നൽകി..

3. കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

4. ശോഭന ടെലികോം എന്ന സ്ഥാപനത്തിൽ നിന്നും പഞ്ചാബ് നാഷണൽ ബാങ്കിലെ 16.02.2018 തിയ്യതിയിൽ 104937 നമ്പറായുള്ള ഡി.ഡി 4000 രൂപ, നിരതദ്രവ്യമായും 08.03.2018 തിയ്യതിയിൽ 104958 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം സെക്യൂരിറ്റി ഡെപോസിറ്റിലെ ബാക്കി തുകയായി 11000 രൂപയും ഈടാക്കിയിട്ടുണ്ട്. 27.08.2010 ലെ 80/2010/ധന നമ്പർ സർക്കുലറിന് വിരുദ്ധമായി ഡി.ഡി യായി സ്വീകരിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇം.എം.ഡി എന്നിവ അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്തി.

5. പ്രവൃത്തി പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ എഞ്ചിനീയർ പ്രവൃത്തി മൂല്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്താതെ കരാർ തുക പൂർണ്ണമായും കരാറുകാരന് അനുവദിച്ചു.
6. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 386010 രൂപയാണ്. 86010 രൂപ കുറച്ച് (22.28 ശതമാനം) 300000 രൂപക്കാണ് ശ്രീ.കെ.പ്രഭാകരൻ, (പ്രൊപ്രൈറ്റർ ശോഭന ടെലികോം, കോഴിക്കോട്) എന്നവർ കരാറെടുത്തിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 28.09.2015 തിയ്യതിയിലെ സ.ഉ(അച്ചടി).429/2015/ധന,

03.02.2016 തിയ്യതിയിലെ സ.ഉ(അച്ചടി).19/2016/ധന നമ്പർ സർക്കുലർ പ്രകാരം കരാറുകാരനിൽ നിന്നും 36840 രൂപ (12.28 %) അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

സാങ്കേതിക പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയതാണ് മേൽ അപാകതകൾക്ക് കാരണമായി തീർന്നത്. 17.06.1999 ലെ 26139/പി-3/99/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മെഡിക്കൽ ഓഫീസർമാരെ അവരുടെ ചുമതലാ നിർവ്വഹണ സ്വഭാവത്തിലുൾപ്പെടാത്ത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിശ്ചയിക്കരുതെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കരാറുകാരനിൽ നിന്നും കരാർ കാലയളവ് കഴിഞ്ഞ് 2 മാസകാലത്തോളം സാധുതയുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് , അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിങ്ങിൽ നിന്നും പൂർത്തിയാക്കിയ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

3. പൊതുമരാമത്ത് പ്രവൃത്തികൾ/ സാങ്കേതിക ജ്ഞാനം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെ തെരഞ്ഞെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## **3-12** <u>പെയിൻ & പാലിയേറ്റീവ് - അടങ്കൽ തുക ഭൂരിഭാഗവും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചു.</u>

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 2/2018 |
| പ്രൊജക്ടിന്റെ പേര് | കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് സെക്കന്ററി പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 1227400(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1186655 (വികസന ഫണ്ട് ജനറൽ) |

29.10.2015 തിയ്യതിയിലെ സ.ഉ (സാധാ) നം- 3217/2015/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ദ്വിതീയ

പാലിയേററീവ് പരിചരണ ഘട്ടത്തിൽ പാലിയേറ്റീവ് കെയർ ഡോക്ടർമാരുടെ കൺസൾട്ടേഷൻ, മോർഫിൻ അടക്കമുള്ള പാലിയേറ്റീവ് മരുന്നുകൾ, വിദഗ്ദ നഴ്സിംഗ് പരിചരണം, ബുദ്ധിമുട്ട് കൂടിയ രോഗികൾക്കുള്ള കിടത്തി ചികിത്സ, പാലിയേറ്റീവ് കെയർ രോഗികളെ സ്വയം തൊഴിൽ ശിൽപശാലകൾ സംഘടിപ്പിച്ച് ജീവനോപാധികൾ നൽകി പുനരധിവസിപ്പിക്കുക എന്നിവയാണ് ദ്വിതീയ പാലിയേറ്റീവ് പരിചരണത്തിലെ പ്രധാന പ്രവർത്തനങ്ങൾ. കുറ്റ്യാടി താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് പാലീയേറ്റീവ് പരിചരണ പ്രവർത്തങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 1083600 രൂപ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാണ് അടങ്കൽ. എന്നാൽ വാങ്ങുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രകാരം വാങ്ങിക്കാനുദ്ദേശിക്കുന്ന ഉപകരണങ്ങൾ ഏതെന്നത് മുൻകൂട്ടി തീരുമാനിച്ചതായി കാണുന്നില്ല.

പദ്ധതി പ്രകാരം കേരള സർജിക്കൽ എക്യുപ്മെന്റ് കമ്പനിയിൽ നിന്നും 500000 രൂപ ചെലവഴിച്ച് ഒരു വെന്റിലേറ്ററും (ബിൽ നം-8/2017-18, തിയ്യതി.12.03.2018), തൃശ്ശൂരിലുള്ള Thrichur Surgicals എന്ന സ്ഥാപനത്തിൽ നിന്നും 276120 രൂപ ചെലവഴിച്ച് ഒരു OT ടേബിളും വാങ്ങിച്ചതായി കാണുന്നു.(ബിൽ നമ്പർ- 13/17-18, തിയ്യതി.28.03.2018) ദ്വിതീയ പാലിയേറ്റീവ് പരിചരണ ഘട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സ്വഭാവമനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽ ഉപകരണങ്ങൾ അനിവാര്യമല്ലെന്നത് വ്യക്തമാണ്. ഉപകരണങ്ങൾ വാങ്ങിച്ചതിന്റെ അനിവാര്യത വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിററ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. താലൂക്ക് ആശുപത്രിയിൽ പാലിയേറ്റീവ് പരിചരണത്തിനായി പ്രത്യേക ഓപ്പറേഷൻ തിയേറ്ററൊ, ഇന്റൻസീവ് കെയർ യൂനിറ്റുകളൊ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഉപകരണങ്ങൾ ദ്വിതീയ പാലിയേറ്റീവ് പരിചരണത്തിന് ഉപയോഗിക്കുക എന്നതിന് ഉപരിയായി ആശുപത്രി ഉപയോഗത്തിലേക്കാണ് വാങ്ങിയിട്ടുള്ളത്. മേൽ ഉപകരണങ്ങൾ താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങിക്കുക എന്ന പദ്ധതിയിലുൾപ്പെടുത്തി വാങ്ങാതെ പെയിൻ & പാലിയേറ്റീവ് പദ്ധതി തുക പ്രയോജനപ്പെടുത്തി വാങ്ങിയത് ക്രമപ്രകാരമല്ല. പാലിയേറ്റീവ് പരിചരണത്തിനായി ആംബുലൻസ് വാങ്ങുക, രോഗികളെ സ്വയം തൊഴിൽ നൽകി പുനരധിവസിപ്പിക്കുക പോലുള്ള ദ്വിതീയ തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതി തുക ചെലവഴിക്കപ്പെട്ടില്ല.

പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ പദ്ധതി പ്രവർത്തനങ്ങളിൽ വ്യക്തത വരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല. പദ്ധതി പ്രകാരം നടത്തേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടില്ല. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി പ്രവർത്തനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനോ വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെയും പദ്ധതി പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ട ചുമതലയുള്ള ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തിയില്ല.

29.03.2017 ലെ ജി.ഒ.(എം.എസ്) നം-72/2017/ത.സ്വ.ഭ.വ പ്രകാരമുള്ള 2017-18 വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ 11.4 നമ്പർ ഖണ്ഡികയിലെ ക്രമ നമ്പർ 10 ൽ വികസനഫണ്ട്, എസ്.സി.പി, ടി.എസ്.പി എന്നിവയുടെ ആകെ തുകയുടെ 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇക്കാരണത്താലാണ് പദ്ധതി പ്രകാരം 1227400 രൂപ വകയിരുത്തിയതെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ

വ്യക്തമാക്കിയിട്ടുണ്ട്.സ.ഉ(സാധാ) നം- 3217/2015/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ച് വകയിരുത്തിയ തുകക്ക് ആനുപാതികമായി പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായത്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രം , മരുതോങ്കര | - | 2000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | തരിശു ഭൂമിയിൽ പാട്ടകൃഷി | - | 500000 |
| മരുതോങ്കര ഗ്രാമ പഞ്ചായത്ത് | 2017-18 | 200000 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി കേന്ദ്രം, മരുതോങ്കര | - | 200000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 10634349 | ഭവന നിർമ്മാണ പദ്ധതി ധനസഹായം | 4941285 | 5693064 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 7398876 | ഭവന നിർമ്മാണ പദ്ധതി അധിക ധനസഹായം | 2268529 | 5130347 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെൽട്രോൺ | ബ്ലോക്ക് പഞ്ചായത്തിൽ സോളാർ സ്ഥാപിക്കൽ | ട്രഷറി ബിൽ | 918750 | 918750 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ. ഉ. (എം.എസ്) 306/11/ത.സ്വ.ഭ.വ തീയതി 7.12.2011 | | 3,37,244 | 15,00,000 | - | 18,37,244 ( മുതൽ മാത്രം ) |
| ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി അധിക ധനസഹായം | സ. ഉ. (എം.എസ് ) 90/13/ത.സ്വ.ഭ.വ തീയതി14.3.2013 | | 35,40,908 | - | - | 35,40,908 (മുതലും പലിശയും ഉൾപ്പടെ ) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2011-12 | - | 10000 | കുഞ്ഞിമോൻ , | ഇ.1288/16 തീയതി. |

| | | | | |
|---|---|---|---|---|
| | | | കൺവീനർ, വായാട കുടിവെള്ള പദ്ധതി | 23.9.2017 , ആർ. ആർ താഹസിൽദാർ, വടകര |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1 | ബ്ലക്ക് പഞ്ചായത്തുകളുടെ ചുമതലാ ലംഘനം | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72896240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71367896 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5861833 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 2000 | ശ്രീമതി. കെ. ജാനു, ജോയിന്റ് ബി. ഡി. ഒ, സെക്രട്ടറി ഇൻ ചാർജ്ജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 290633 | ശ്രീ. കെ. ടി. പ്രജുകുമാർ, സെക്രട്ടറി |
| 3-2 | 4536200 | ശ്രീ. എം. വിനോദ് കുമാർ, കൃഷി അസിസ്റ്റന്റ് ഡയരക്ടർ |
| 3-4 | 200000 | ശ്രീ. മുഹമ്മദ് നവാസ്, ക്ഷീര വികസന ഓഫീസർ |
| 3-5 | 760000 | ശ്രീ. അബ്ദുൽ അസീസ്, പട്ടികജാതി വികസന ഓഫീസർ |
| 3-6 | 75000 | ശ്രീമതി. കെ. പി. സിന്ധു, ശിശു വികസന പദ്ധതി ഓഫീസർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ. ജാനു,<br>ജോയിന്റ് ബി. ഡി. ഒ,<br>സെക്രട്ടറി ഇൻ ചാർജ്ജ് | ജോയിന്റ് ബി. ഡി. ഒ,<br>സെക്രട്ടറി ഇൻ ചാർജ്ജ്<br>കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | ഐശ്വര്യ ( വീട് ),<br>എരവട്ടൂർ പി.ഒ,<br>പേരാമ്പ്ര, കോഴിക്കോട്<br>ജില്ല – 673525 |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. ടി. പ്രജുകുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | കൊച്ചേരി തറമ്മൽ ( വീട് ),<br>മൊകേരി പി.ഒ,<br>കോഴിക്കോട് ജില്ല –<br>673507 |
| ശ്രീ. എം. വിനോദ് കുമാർ,<br>കൃഷി അസിസ്റ്റന്റ് ഡയരക്ടർ | കൃഷി അസിസ്റ്റന്റ് ഡയരക്ടർ,<br>കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | വാവാസ് ( വീട് ),<br>ഗവ. ഐ.ടി.ഐ റോഡ്,<br>വേങ്ങേരി പി.ഒ, |

| | | |
|---|---|---|
| | | കോഴിക്കോട് ജില്ല – 673010 |
| ശ്രീ. മുഹമ്മദ് നവാസ്, ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | പുല്ലാട്ട് ( വീട് ), നരിക്കുനി പി.ഒ, കോഴിക്കോട് ജില്ല – 673585 |
| ശ്രീ. അബ്ദുൽ അസീസ്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീമതി. കെ. പി. സിന്ധു, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | ആദിത്യ എന്റെർ, മാധവം, ചെങ്കോട്ടുകോണം, ചെമ്പഴന്തി പി.ഒ, തിരുവനന്തപുരം ജില്ല – 695871 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(2) തീയതി. 25.5.2018 | 2 (40, 44) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(3) തീയതി. 25.5.2018 | 6 (9, 11, 12, 15, 16, 17) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(5) തീയതി. 25.5.2018 | 1 (3-3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(6) തീയതി. 25.5.2018 | 6 (3-2, 3-3, 3-4, 3-5, 3-6, 3-8) |

| | | |
|---|---|---|
| 2016-17 | പി7/2023/2017 തീയതി.27.03.2018 | 3<br>(2-1, 3-1, 3-4) |

ജോയിന്റ് ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം
കോഴിക്കോട്

**1**

**അനുബന്ധം-1**

നം:കെ.എസ്.എ.കെ.കെ.ഡി.പി.7/1958/2018 തിയതി:16.10.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടികംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# 2

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്